ദേവസ്വം ബോർഡുകളിൽ വിവിധ തസ്തികകളിലുള്ള ഒഴിവുകൾ

238 (4862) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ ദേവസ്വം ബോർഡുകളിൽ വിവിധ തസ്തികകളിൽ ജീവനക്കാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

ഗുരുവായൂർ ദേവസ്വത്തിൽ വിവിധ തസ്തികകളിലായി 249 ഒഴിവുകളും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ മരാമത്ത് വിഭാഗത്തിൽ ഉൾപ്പെടെ 583 ഒഴിവുകളും, കൂടൽമാണിക്യം ദേവസ്വത്തിൽ 4 ഒഴിവുകളും, കൊച്ചി ദേവസ്വം ബോർഡിൽ 119 ഒഴിവുകളും നിലവിലുണ്ട്. തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകളിലെ അഡ്മിനിസ്ട്രേറ്റീവ് പോസ്റ്റുകളിലുള്ള ഒഴിവുകൾ പി. എസ്. സി. വഴി നികത്തുന്നതിന് നിയമം പാസ്സാക്കിയിട്ടുണ്ട്. ഗുരുവായൂരിലും കൂടൽമാണിക്യം ദേവസ്വത്തിലും അഡ്മിനിസ്ട്രേറ്റീവ് പോസ്റ്റുകളിലേയ്ക്കുള്ള നിയമനം പി. എസ്. സി. ക്ക് വിടുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇവയുടെ റിക്രൂട്ട്മെന്റ് റൂൾ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഈ തസ്തികകളിൽ പി. എസ്. സി. വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കും.

സർക്കാർ പ്രസ്സുകൾ

239 (4863) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സർക്കാർ പ്രസ്സുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് എന്ന് വ്യക്തമാക്കുമോ ; അവ എവിടെയെല്ലാമാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് എത്ര ജില്ലാ ഫോം ആഫീസ് നിലവിൽ പ്രവർത്തിക്കുന്നുണ്ട് എന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) കാസർഗോഡ് ജില്ലയിൽ ഒരു സർക്കാർ പ്രസ്സും ജില്ലാ ഫോറം ആഫീസും അനുവദിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) 11 പ്രസ്സുകൾ

തിരുവനന്തപുരം ജില്ല	-	4
കൊല്ലം	-	1

LIBRARY ARCHIVES Kerala Legislative Assembly

വാഴൂർ	–	1
എറണാകുളം	–	1
കോഴിക്കോട്	–	1
ഷൊർണ്ണൂർ	–	1
കണ്ണൂർ	–	1
വയനാട്	–	1

(ബി) 12 ജില്ലാ ഫോറം സ്റ്റോറുകൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, കോഴിക്കോട്, പാലക്കാട്, തൃശൂർ, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ 12 ജില്ലകളിൽ നിലവിൽ ഫാറം സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു.

(സി) പ്രസ്തുത വിഷയം പരിശോധിക്കുന്നതാണ്.

വാഴൂർ ഗവൺമെന്റ് പ്രസ്സിലേയ്ക്കുള്ള പ്രധാന പ്രവേശന കവാടം

240 (4864) പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഴൂർ ഗവൺമെന്റ് പ്രസ്സിലേയ്ക്കുള്ള പ്രധാന പ്രവേശനകവാടം എൻ. എച്ച്. 220-ന് അഭിമുഖമായുണ്ടെങ്കിലും അത് തുറക്കുകപോലും ചെയ്യാതെ സൈഡ് റോഡിനെ അഭിമുഖീകരിക്കുന്ന നിലയിൽ മറ്റൊരു പ്രവേശനകവാടം സൃഷ്ടിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എൻ. എച്ച്. 220-ന് അഭിമുഖമായുള്ള പ്രവേശന കവാടം തുറന്ന് പുന:ക്രമീകരണങ്ങൾ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 1994-95-ൽ പ്രസ്സ് പ്രവർത്തനം തുടങ്ങിയ സമയത്ത് കെട്ടിട സമുച്ചയത്തിനെ ചുറ്റി മാത്രമേ കോമ്പൗണ്ട് വാൾ നിർമ്മിച്ചിരുന്നുള്ളു. എൻ. എച്ച്. 220-ന് അഭിമുഖമായി രണ്ട് തൂണുകളിൽ ഗവൺമെന്റ് പ്രസ്സ്, വാഴൂർ എന്ന ബാനർ മാത്രം ഉണ്ടായിരുന്നു. 2001-02-ൽ പ്രസ്സ് പുരയിടത്തിന് ചുറ്റുമതിൽ നിർമ്മിച്ച കൂട്ടത്തിൽ എൻ. എച്ച്. 220-ന് അഭിമുഖമായി ഉണ്ടായിരുന്ന തൂണുകൾ പൊളിച്ചുമാറ്റിയാണ് ഇപ്പോഴത്തെ നിലയിൽ കവാടവും ഗേറ്റും നിർമ്മിച്ചിട്ടുള്ളത്. പ്രസ്സ് കെട്ടിട സമുച്ചയത്തിന് മുൻവശത്തായി ഇളപ്പുക്കൽ-കാനം റോഡിലാണ് പ്രസ്സ് കെട്ടിടത്തിന്റെ പ്രവേശന കവാടം നിർമ്മിക്കപ്പെട്ടിരുന്നതും, നാളിതുവരെ ഉപയോഗത്തിലിരിക്കുന്നതും.

(ബി) എൻ. എച്ച് 220-ന് അഭിമുഖമായുള്ള ഗേറ്റിന്റെ പണി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളു. അവിടെ നിന്നും പ്രസ്സ് കെട്ടിടത്തിലേയ്ക്കുള്ള അപ്രോച്ച് റോഡിന്റെ പണി പൂർത്തിയാക്കിയിട്ടില്ല. അപ്രോച്ച് റോഡ്

LIBRARY ARCHIVES Kerala Legislative Assembly